(ബി) ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്കായി സർക്കാരിന് ഇതിനകം ചെലവായ തുക എത്രയാണ് ;

(ഡി) ഈ ചികിൽസാസഹായ പദ്ധതി സംബന്ധിച്ച വിവരങ്ങൾ പട്ടികജാതി കോളനികളിൽ പ്രചരിപ്പിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിൽസാ ധനസഹായപദ്ധതി ആരംഭിച്ചത് 1995 ജനുവരിയിലാണ്. ഈ പദ്ധതിക്ക് 1997-98-ൽ 25 ലക്ഷം രൂപയും 1998-99-ൽ 35 ലക്ഷം രൂപയും 1999-2000-ൽ 58 ലക്ഷം രൂപയും 2000-2001-ൽ ഇതു വരെ 125 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹൃദയശസ്ത്രക്രിയപോലുള്ള ചെലവേറിയ ചികിൽസകൾക്കും, മറ്റു മാരകരോഗങ്ങൾക്കും ധനസഹായം നല്കി വരുന്നുണ്ട്.

(ബി) 3442 പേർക്ക്.

(സി) 243 ലക്ഷം രൂപ.

(ഡി) ഈ പദ്ധതിക്ക് വ്യാപകമായ പ്രചാരണംനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രചരണവിഭാഗം മുഖേനയും, ഫീൽഡുതല ഉദ്യോഗസ്ഥർ മുഖേനയും ഐ.റ്റി.ഡി.പി. കോർഡിനേറ്റർമാർ മുഖേനയും വകുപ്പിന്റെ ഇൻഫർമേഷൻ കം-ഡയറി, ബുക്ക്ലെറ്റുകൾ എന്നിവ വഴിയും കോളനികളിൽ ഈ പദ്ധതിക്ക് വേണ്ട പ്രചരണം കൊടുക്കുന്നുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ട്

13(*42) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിന് എത്ര ജലം നഷ്ടം വരും ;

(ബി) ഈ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന ജലനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു ;

(സി) ഈ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നത് ഇടുക്കി പദ്ധതിയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ&ബി) 1986- ലെ പെരിയാർ പാട്ടക്കരാർ പ്രകാരം 155 അടി കോണ്ടൂർ പ്രദേശത്തുനിന്നും റിസർവോയറിലെത്തുന്ന മുഴുവൻ ജലവും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. കേരളത്തിന് ജലവിഹിതം നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ ജലനഷ്ടത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(സി) മുല്ലപ്പെരിയാർ റിസർവോയറിലെ ജലനിരപ്പ് ഇപ്പോഴുള്ള 136 അടിയിൽ നിന്ന് 'ഫുൾ റിസർവോയർ' ലെവലായ 152 അടിയിലേക്കുയർത്തിയാൽ അത് ഇടുക്കി പദ്ധതിക്ക് താഴെപ്പറയുന്ന രീതിയിലുള്ള ഭീഷണി ഉയർത്തുന്നതാണ്:-

ഇടുക്കി പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത് മുല്ലപ്പെരിയാറിൽ നിന്നും ഇടുക്കിയുടെ വൃഷ്ടിപ്രദേശത്തുനിന്നും ഒഴുകിവരുന്ന പ്രളയജലം ചേർന്ന് 8000 ക്യൂമെക്സ് വരെയാകാമെന്ന് കണക്ക് കൂട്ടിയാണ്. ഇടുക്കിയിൽനിന്നു 5100 ക്യൂമെക്സ് ജലം ഒഴുകിപ്പോകുവാനുള്ള സംവിധാനമാണുള്ളത്. എന്നാൽ മുല്ലപ്പെരിയാറിലെ അധികപ്രളയജലം 6003 ക്യൂമെക്സായി 1979-ൽ പുനർനിർണ്ണയം ചെയ്തിട്ടുള്ളതിനാൽ മുല്ലപ്പെരിയാറിന് അപകടം സംഭവിച്ചാൽ ഇടുക്കിയിൽ എത്തുന്ന ജലം ഉൾക്കൊള്ളാൻ ഇടുക്കി ഡാമിന് കഴിയാതെവരും. ഇത് ഇടുക്കി, ചെറുതോണി, കുളമാവ് ഡാമുകൾക്കും അവയോട് ചേർന്നുള്ള മൂന്ന് ജില്ലകളിലെ ജനങ്ങളുടെ സ്വത്തിനും ജീവനും നാശമുണ്ടാകും.

വൈദ്യുതി മേഖല

14(*43) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിൽ 2000 നവംബർ വരെ സർക്കാർ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) വൈദ്യുതിയുടെ ഉൽപാദനരംഗത്ത് ദേശീയശരാശരി എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനം ദേശീയ ശരാശരിയേക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളിലെ ഉല്പാദനം ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപ്പാദനം മൊത്തം എത്ര ശതമാനമാകുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly